പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6474 08.11.2016-ൽ മറുപടിയ്ക്ക്

## യുവജനങ്ങളുടെ കായികക്ഷമത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഗ്രാമീണ മേഖലയിൽ യുവജനങ്ങളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും മികച്ച കായിക താരങ്ങളെ കണ്ടെത്തുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ ; | (എ) കേന്ദ്രാവിഷ്കൃത പദ്ധതികളായ **"രാജീവ് ഗാന്ധി ഖേൽ അഭിയാൻ" (RGKA), അർബൻ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ സ്കീം (USIS), നാഷണൽ സ്പോർട്സ് ടാലന്റ് സ്കീം (NSTS),** എന്നീ പദ്ധതികൾ ഏകോപിപ്പിച്ച് **"ഖേലോ ഇൻഡ്യ" - നാഷണൽ പ്രോഗ്രാം ഫോർ ഡെവലപ്മെന്റ് ഓഫ് സ്പോർട്സ്** പദ്ധതി നിലവിലുണ്ട്.<br><br>ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന്, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് **'കേരളോത്സവം'** സംഘടിപ്പിച്ചുവരുന്നു. |
| (ബി) ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് അവസരം നൽകുന്നതിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കായികമത്സരങ്ങൾ, മേളകൾ എന്നിവ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദീകരിക്കുമോ ; | നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനോടൊപ്പം കേരളോത്സവവുമായി ചേർന്നുള്ള കായികമത്സരങ്ങൾ കൂടുതൽ പങ്കാളിത്തത്തോടെ നടത്തുന്നതാണ്. പുതിയ കായികപ്രതിഭകളെ കണ്ടെത്തുന്നതിനായി ഗ്രാമതലത്തിലുള്ള കായികമത്സരങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനും അവരുടെ ശാരീരികക്ഷമത വർദ്ധിപ്പിയ്ക്കുന്നതിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള മാനസിക ആരോഗ്യം സൃഷ്ടിയ്ക്കുന്നതിനും ശ്രദ്ധ ചെലുത്തുന്ന ഒരു സമീപനം സർക്കാർ സ്വീകരിയ്ക്കുന്നതാണ്. അതിനായി പുതിയ കളിസ്ഥലങ്ങൾ നിർമ്മിയ്ക്കുന്നതിന് ഇപ്പോൾ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |

(സി) ഗ്രാമീണ മേഖലയിലെ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ പരിഷ്ക്കരിച്ച് കളിസ്ഥലങ്ങളാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദീകരിക്കുമോ ?

(ബി) നടപടി സ്വീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ കരട് പദ്ധതി രേഖ (DPR) സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടം ഘട്ടമായി നടപ്പിലാക്കുമെന്നും, തുടക്കമെന്ന നിലയിൽ 23 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 5 കോടി രൂപ വീതവും, 2 കേന്ദ്രങ്ങളിൽ 10 കോടി രൂപ വീതവും വകയിരുത്തുമെന്നും, ഇതിനായുള്ള 135 കോടി രൂപ ഒരു പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്ന് കണ്ടെത്തുന്നതാണെന്നും 2016-17 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

Mary M

സെക്ഷൻ ഓഫീസർ